## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5785 03.11.2016-ലെ മറുപടി

**കാഞ്ഞിരപ്പുഴ ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ കോങ്ങാട് മണ്ഡലത്തിലേയ്ക്കുള്ള കാഞ്ഞിരപ്പുഴ ശുദ്ധജല വിതരണ പദ്ധതിയുടെ എക്സ്റ്റൻഷൻ സ്കീം നടപ്പിലാക്കുന്നതിലേയ്ക്കായി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ;<br>ബി ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റി എം.ഡി. യ്ക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ? | എ യും ബി യും NRDWP പൊറ്റശ്ശേരി I & II കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവർത്തിയിൽ ഭരണാനുമതി തുകയിൽ ടെൻഡർ വ്യതിയാനം മൂലം ബാക്കി വന്ന ഒരു കോടി രൂപ ഉപയോഗിച്ച് വിതരണ ശൃംഖല ദീർഘിപ്പിക്കണം എന്നായിരുന്നു നിവേദനത്തിലെ ആവശ്യം. ഇതു പ്രകാരം പൊറ്റശ്ശേരി I&II വില്ലേജിലെ എല്ലാ പ്രദേശത്തേയ്ക്കും ശുദ്ധജലം ലഭ്യമാക്കുന്നതിലേക്കായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ അതിന് 183 ലക്ഷം രൂപ വേണ്ടി വരും എന്ന് കണ്ടതിനാൽ ഇതനുസരിച്ച് പുതിയ പ്രോജക്ടായി റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ